LIBRARY ARCHIVES Kerala Legislative Assembly

**മാതൃകാ അങ്കണവാടികൾ**

**240 (4283)** ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാതൃകാ അങ്കണവാടികൾ സ്ഥാപിക്കുന്നതിന് കൊല്ലം ജില്ലയിൽനിന്നും എത്ര ശുപാർശകൾ പരിഗണനയിൽ വന്നുവെന്ന് വിശദമാക്കുമോ ;

(ബി) ഏതെല്ലാം ശുപാർശകൾക്ക് അംഗീകാരം നൽകിയെന്നും ഏതിന്റെയെല്ലാം നിർമ്മാണം പൂർത്തീകരിച്ചുവെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) മാതൃകാ അങ്കണവാടികൾ സ്ഥാപിക്കുന്നതിനായി കൊല്ലം ജില്ലയിൽ നിന്നും ആകെ 11 ശുപാർശകൾ ലഭ്യമായതിൽ കൊട്ടാരക്കര, കരുനാഗപ്പള്ളി, പത്തനാപുരം, ചാത്തന്നൂർ, കുന്നത്തൂർ SC, പുനലൂർ, ചവറ എന്നീ നിയോജക മണ്ഡലങ്ങളിൽനിന്നും ലഭിച്ച ശുപാർശകൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിൽ ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ മാതൃകാ അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ ഇലക്ട്രിക് പണിയൊഴികെയുള്ള പണികൾ പൂർത്തീകരിച്ചിട്ടുണ്ട്.

**അഗതികളും അശരണരും ആയ കുട്ടികളുടെ പുനരധിവാസത്തിനായി നടപടികൾ (കുട്ടികളോടുള്ള നമ്മുടെ ഉത്തരവാദിത്വം പദ്ധതി)**

**241 (4284)** ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ അഗതികളും അശരണരും ആയ കുട്ടികളുടെ പുനരധിവാസത്തിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) ഔവർ റെസ്പോൺസിബിലിറ്റി റ്റു ചിൽഡ്രൻ എന്ന പദ്ധതിയിലുൾപ്പെടുത്തി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) കുട്ടികളുടെ വ്യക്തിത്വ വികാസത്തിനും സംരക്ഷണത്തിനും നേതൃത്വം നൽകാൻ ഉത്തരവാദിത്വപ്പെട്ട സർക്കാർ വകുപ്പുകളായ വിദ്യാഭ്യാസം, ആരോഗ്യം, ആഭ്യന്തരം തുടങ്ങിയവ, സർക്കാരിതര പ്രസ്ഥാനങ്ങൾ, രക്ഷിതാക്കൾ, പൊതുസമൂഹം